LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിന്റെ വാഹനങ്ങൾ

174(5763) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ ആവശ്യത്തിനായി വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിനായി എത്ര തുക ചെലവഴിച്ചുയെന്നും ഏതൊക്കെ ഓഫീസുകൾക്കാണ് പ്രസ്തുത വാഹനങ്ങൾ അനുവദിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) 2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ റേഞ്ചുകളിലേക്കും, സ്റ്റേഷനുകളിലും അനുവദിച്ച വാഹനങ്ങളുടെ വിവരങ്ങളും. വാഹനങ്ങളുടെ മോഡലുകൾ സംബന്ധിച്ച വിശദാംശങ്ങളും തരം തിരിച്ചു വ്യക്തമാക്കുമോ ;

(സി) വനം വകുപ്പിന്റെ കീഴിൽ ഏതെല്ലാം റെയിഞ്ചുകളിലും സ്റ്റേഷനുകളിലും വാഹനങ്ങൾ ഇല്ലാത്തതായി അവശേഷിക്കുനുയെന്നും അവിടെ വാഹനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ ആവശ്യത്തിനായി വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ റേഞ്ചുകളിലേക്കു സ്റ്റേഷനുകളിലും അനുവദിച്ച വാഹനങ്ങളുടെ വിവരങ്ങളും, വാഹനങ്ങളുടെ മോഡലുകൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സതേൺ സർക്കിൾ : അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ച്, കോന്നി ഡിവിഷനിലെ മണ്ണാറപ്പാറ റെയിഞ്ച്, ചേമ്പാല ഫോറസ്റ്റ് സ്റ്റേഷൻ, പുനലൂർ ഡിവിഷനിലെ റാപ്പിഡ് റെസ്പോൺസ് ടീം.

ഹൈറേഞ്ച് സർക്കിൾ : കോട്ടയം വനം ഡിവിഷനിലെ അയ്യപ്പൻകോവിൽ റെയിഞ്ച്, നഗരമ്പാറ റെയിഞ്ച്

സെൻട്രൽ സർക്കിൾ : ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ച്, മലയാറ്റൂർ ഡിവിഷനിലെ ആനക്കുളം, ഏറുമുഖം, പെരുന്തോട്, എണ്ണക്കൽ, ഇടമലയാർ, വടാട്ടുപാറ സ്റ്റേഷനുകൾ.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

വാഴച്ചാൽ ഡിവിഷനിലെ ചാർപ്പ റെയിഞ്ച്,

ഷോളയാർ ഫോറസ്റ്റ് സ്റ്റേഷൻ.

ഈസ്റ്റേൺ സർക്കിൾ : മണ്ണാർക്കാട് ഡിവിഷനിലെ ഒമ്മല ഫോറസ്റ്റ് സ്റ്റേഷൻ.

അഗളി റെയിഞ്ചിലെ എലിഫന്റ് സ്ക്വാഡ് :- കണ്ടം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതി ഫോറസ്റ്റ് സ്റ്റേഷൻ :- അനുവദിച്ച ജീപ്പ് വന്യമൃഗ ആക്രമണം മൂലം ഉപയോഗശൂന്യമായി.

പ്രോജക്ട് ടൈഗർ ഡിവിഷൻ : പെരിയാർ വെസ്റ്റ് ഡിവിഷന്റെ പമ്പ റെയിഞ്ചിലെ മുക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ.

വൈൽഡ് ലൈഫ് നോർത്തേൺ സർക്കിൾ : പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ പീച്ചി റെയിഞ്ചിലെ ഒളകര ഫോറസ്റ്റ് സ്റ്റേഷൻ.

സോഷ്യൽ ഫോറസ്ട്രി സർക്കിൾ, കൊല്ലം : തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ആറ്റിങ്ങൽ, നെയ്യാറ്റിൻകര റെയിഞ്ചുകൾ.

കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ പുനലൂർ റെയിഞ്ച്.

പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ കോന്നി, റാന്നി റെയിഞ്ചുകൾ

ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ചെങ്ങന്നൂർ റെയിഞ്ച്

കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ കോട്ടയം റെയിഞ്ച്

സോഷ്യൽ ഫോറസ്ട്രി സർക്കിൾ, എറണാകുളം :

എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ പെരുമ്പാവൂർ റെയിഞ്ച്

ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ പീരുമേട്, തൊടുപുഴ റെയിഞ്ചുകൾ

മൂന്നാർ റെയിഞ്ച് :- നിലവിലുള്ള വാഹനം കണ്ടം ചെയ്യാൻ ഗ്യാരേജ് ചെയ്തിരിക്കുന്നു.

കാലടി എൻ.എസ്.സി. ഡിവിഷനിലെ കരിഞ്ചുമൂടി ഫോറസ്റ്റ് സ്റ്റേഷൻ

പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ മണ്ണാർക്കാട്, അഗളി റെയിഞ്ചുകൾ

തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ തൃശ്ശൂർ റെയിഞ്ച് - ഉപയോഗ യോഗ്യമായ വാഹനം നിലവിലില്ല.

സോഷ്യൽ ഫോറസ്ട്രി സർക്കിൾ, കോഴിക്കോട് : കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ കോഴിക്കോട്, വടകര റെയിഞ്ചുകൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഹോസ്ദുർഗ് റെയിഞ്ച്

മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ നിലമ്പൂർ റെയിഞ്ച്

വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ മാനന്തവാടി, സുൽത്താൻ ബത്തേരി റെയിഞ്ചുകൾ

കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ തലശ്ശേരി റെയിഞ്ച്

റെയിഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തലങ്ങളിൽ ഉപയോഗിക്കാൻ ഉതകുന്ന വാഹനങ്ങൾ വാങ്ങുന്നതിന് തൽസംബന്ധമായ ബഡ്ജറ്റ് ശീർഷകങ്ങളിൽ ഫണ്ട് അപര്യാപ്തമാണ്. 4406-10-101-99 വനസംരക്ഷണം (ക്യാപിറ്റൽ പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

വൈത്തിരി മേപ്പാടി കാട്ടാന ശല്യം കുറയ്ക്കുന്നതിന് വൈദ്യുതി കമ്പിവേലി

175(5764) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാന ശല്യം കുറയ്ക്കുന്നതിനായി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി-മേപ്പാടി മേഖലകളിൽ സ്ഥാപിക്കുന്ന വൈദ്യുതി വേലിയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) വൈത്തിരി-മേപ്പാടി മേഖലകളിൽ സ്ഥാപിക്കുന്ന വൈദ്യുതി വേലിയുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാട്ടാനശല്യം കുറയ്ക്കുന്നതിനായി കല്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി-മേപ്പാടി മേഖലകളിൽ NABARD XVII പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന സ്ഥലങ്ങളിൽ വൈദ്യുതി-വേലി നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. വീട്ടിക്കുന്ന്-വാഗ പ്ലാന്റേഷൻ ഏരിയയിൽ 8,66,000 രൂപ അടങ്കൽ ചെലവിൽ 4.70 കി. മീറ്റർ വൈദ്യുതി കമ്പിവേലിയുടെ നിർമ്മാണം - ഇതിൽ 1.5 കി. മീറ്റർ കമ്പിവേലിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി വരുന്ന 3.2 കി. മീറ്റർ ദൂരം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.